MALAYALEE ASSOCIATION OF THE UK
Kerala House, 671 Romford Road
Manor Park, London E12 5AD
Charity no. 1102663, Company no. 4934048

mauk.org
info@mauk.org
0044 (0)208 553 4667
mauklondon

# MAUK 2018 വർഷത്തെ ഡയറക്ടർ ബോർഡ് റിപ്പോർട്ട്

## ഡയറക്ടർ ബോർഡ്

MAUK രജിസ്റ്റർ ചെയ്യപ്പെട്ട ഒരു ചാരിറ്റിയും ഗ്യാരന്റിയാൽ ലിമിറ്റഡ് ആയ ഒരു കമ്പനിയുമാകുന്നു. അതിനാൽ, ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് ചാരിറ്റി ട്രസ്റ്റികൾ എന്ന നിലയ്ക്കും കമ്പനി ഡയറക്ടർമാർ എന്ന നിലയ്ക്കും ഉത്തരവാദിത്വമുണ്ട്.

## തിരഞ്ഞെടുപ്പ്

കഴിഞ്ഞ വാർഷിക ജനറൽ ബോഡി യോഗത്തിൽ വച്ച് രണ്ട് വർഷത്തേക്ക് ഇനിപ്പറയുന്നവരെ ഡയറക്ടർ ബോർഡ് അംഗങ്ങളായി തിരഞ്ഞെടുക്കുകയുണ്ടായി: അനിൽ വേലു, ഷെറിൻ സത്യശീലൻ, ജയൻ പിള്ള, അനിൽ എടവന , നിഷാർ വിശ്വനാഥൻ, അജികുമാർ വേലു, മോഹൻദാസ് മാധവൻ, രാജേശ്വരി സദാശിവൻ, പുഷ്കാസ് വാസു.

ഇനിപ്പറയുന്ന നിലവിലെ ഡയറക്ടർമാർ **27 ഒക്ടോബർ 2019 ഞായറാഴ്ച** നടക്കാനിരിക്കുന്ന വാർഷിക ജനറൽ ബോഡി യോഗം വരെ തുടരുന്നതാണ്: രാമൻ സാംബശിവൻ, ശ്രീജിത്ത് ശ്രീധരൻ, ശ്രീകുമാർ കുഞ്ഞിരാമൻ, അജി ഗംഗാധരൻ, മുരളി പിള്ള, നിഹാസ് റാവുത്തർ.

ആദ്യത്തെ ബോർഡ് മീറ്റിംഗിൽ വച്ച് ഇനിപ്പറയുന്ന അംഗങ്ങളെ ബോർഡിലേക്ക് കോ-ഓപ്റ്റ് ചെയ്തിരുന്നു: സുഭാഷ് വിശ്വനാഥൻ, ജയിൻലാൽ സോമൻ. ഇവരും അടുത്ത വാർഷിക ജനറൽ ബോഡി യോഗം വരെ തുടരുന്നതാണ്.

പതിവുപോലെ, വാർഷിക ജനറൽ ബോഡി യോഗം ബോർഡിലേക്ക് ആവശ്യമുള്ളത്ര അംഗങ്ങളെ മാത്രമേ തിരഞ്ഞെടുക്കുകയുള്ളൂ. ബോർഡിന്റെ ആദ്യ യോഗം ഭാരവാഹികളെ തിരഞ്ഞെടുക്കുകയും വിവിധ ഡയറക്ടർമാരുടെ ജോലിയും ഉത്തരവാദിത്വങ്ങളും നിശ്ചയിക്കുകയും ചെയ്യും.

## രാജിയും പിരിച്ചുവിടലും

ഇനിപ്പറയുന്ന ഡയറക്ടർ 2018ൽ ബോർഡിൽ നിന്ന് രാജിവച്ചിരുന്നു: ശ്രീ. ഷെറിൻ സത്യശീലൻ- വ്യക്തിപരമായ കാരണങ്ങളാൽ.

## 2018 ലെ മാനേജ്മെന്റ് ഘടന

സംഘടനയുടെ ഫലപ്രദവും കാര്യക്ഷമവുമായ നടത്തിപ്പിന് ഓരോ ഡയറക്ടർക്കും ഒന്നോ രണ്ടോ സർവീസുകളുടെ ചുമതല നൽകിയിരുന്നു. ചെയർമാനും സെക്രട്ടറിയും സി.എഫ്.ഒ യും അവരെ സഹായിക്കുകയും ചെയ്തിരുന്നു.

## അംഗത്വം

മുൻവർഷങ്ങളിലെപ്പോലെ, MAUK അംഗത്വം 2018ലും ക്രമാനുഗതമായി വർധിക്കുകയുണ്ടായി. വീടുവീടാന്തരം കയറിയിറങ്ങിയുള്ള അംഗത്വ കാമ്പയിൻ നാം ആരംഭിച്ചെങ്കിലും കേരള പ്രളയ ദുരിതാശ്വാസ നിധി ശേഖരിക്കുന്നതിനു വേണ്ടി അതു മാറ്റിവയ്ക്കേണ്ടിവന്നു.

## ജനനി-MAUK വാർഷിക സുവനീർ

MAUK വാർഷിക സുവനീറായ 'ജനനി' 2018 സെപ്റ്റംബർ 16ന് ഇൽഫോർഡ് ടൗൺ ഹാളിൽ നടന്ന കേരള പ്രളയ ദുരിതാശ്വാസ നിധി ശേഖരണ ചടങ്ങിൽ വച്ച് പ്രകാശനം ചെയ്യുകയുണ്ടായി. യു.കെ മലയാളികളുടെ സർഗാത്മക രചനകളും MAUK യുടെ സേവനത്തിന്റെയും മറ്റു പ്രവർത്തനങ്ങളുടെയും ചുരുക്കത്തിലുള്ള വിവരണങ്ങളുമാണ് സുവനീറിൽ ഉൾപ്പെടുത്തിയത്. ഇത്തവണത്തെ സുവനീറിൽ മലയാള സാഹിത്യരംഗത്തെ രണ്ട് പ്രമുഖ എഴുത്തുകാരായ പ്രഭാവർമ്മ, കിരൺബാബു എന്നിവരുടെ ലേഖനങ്ങൾ ശ്രദ്ധേയമായിരുന്നു.

വളരെ ആകർഷകമായ ഒന്നാംപേജ് കവർ കേരള ഹൗസിന്റെ മുൻവശം ചിത്രീകരിച്ചതായിരുന്നു. പ്രമുഖ കലാകാരൻ ജോസ് പിൻഢിയനാണ് അത് വരച്ചത്.

മനോഹരമായ ഒരു സുവനീർ ഇറക്കിയതിന് ജനനിയുടെ ചീഫ് എഡിറ്റർ ശ്രീ. മണമ്പൂർ സുരേഷിനോടും മറ്റ് പത്രാധിപ സമിതി അംഗങ്ങളായ പ്രിയൻ സത്യവ്രതൻ, ജോസ് ആന്റണി, ശ്രീകലാ നായർ, മുരളി മുകുന്ദൻ എന്നിവരോടും ബോർഡിന്റെ അകൈതവമായ അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. കേരള കൗമുദി, കലാകൗമുദി ഉൾപ്പെടെ കേരളത്തിലെ വാർത്താ മാസികകൾ പലതും രൂപകല്പന ചെയ്തിട്ടുള്ള പ്രമുഖ ഡിസൈനറായ അനിൽ രാജ് ആണ് ഈ വർഷത്തെ ജനനി മനോഹരമായി രൂപകല്പന ചെയ്തത്. ഞങ്ങളുടെ സ്പോൺസർമാർക്കും പരസ്യദാതാക്കൾക്കും നന്ദി പറയുന്നു. അവരുടെ സാമ്പത്തിക സഹായം ഉണ്ടായിരുന്നതുകൊണ്ടാണ് സുവനീറിന്റെ കോപ്പികൾ സൗജന്യമായി നൽകാനായത്.

2018ലെ ജനനി നിങ്ങൾക്ക് ഇന്റർനെറ്റിലും ലഭ്യമാണ്: വിലാസം:

വെബ്സൈറ്റ്- mauk.org

MAUKയുടെ പ്രവർത്തനങ്ങൾ അംഗങ്ങളെ അറിയിക്കുന്നതിനും നമ്മുടെ രേഖകൾ ആർക്കൈവ് ചെയ്യുന്നതിനുമാണ് വെബ്സൈറ്റ് പ്രധാനമായും ഉപയോഗിക്കുന്നത്. MAUKയുടെ നയങ്ങൾ, വാർഷിക റിപ്പോർട്ടുകൾ, കണക്കുകൾ, ഫോമുകൾ, ജനനി പോലുള്ള പ്രസിദ്ധീകരണങ്ങൾ എന്നിവയും അംഗങ്ങൾക്ക് ഡൗൺലോഡ് ചെയ്യാവുന്നതാണ്. വെബ്സൈറ്റിൽ പതിവായി അപ്ഡേറ്റ് ചെയ്യുന്നതിനും മെയിന്റനൻസ് ചെയ്യുന്നതിനും 2017 മുതൽ മൂന്നു വർഷത്തേക്ക് എ.എ.എൻ.യു ടെക്നോളജീസ് എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയിരിക്കുന്നത്. ഡേറ്റ നഷ്ടം ഉൾപ്പെടെ തടയുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും സൈറ്റ് ഹോസ്റ്റ് ചെയ്തിരിക്കുന്നത് ക്ലൗഡ് അധിഷ്ഠിത സെർവറിലാണ്.

## സമൂഹ മാധ്യമങ്ങൾ

നമ്മുടെ ഫേസ്ബുക്ക് പേജായ 'MAUK ലണ്ടൻ' വഴി സംഘടന സമൂഹ മാധ്യമങ്ങളിൽ സാന്നിധ്യം വർധിപ്പിച്ചു. നമ്മുടെ പ്രധാന പബ്ലിസിറ്റി മാർഗം ഇതാണ്. മൗകിന്റെ പരിപാടികൾ, പ്രവർത്തനങ്ങൾ, റിപ്പോർട്ടുകൾ, ഫോട്ടോകൾ തുടങ്ങിയവ ഈ പേജിൽ പതിവായി ഉൾപ്പെടുത്താറുണ്ട്. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും MAUKയുമായി ആശയവിനിമയം നടത്താൻ ഈ പേജാണ് പ്രധാന മാധ്യമം. ട്വിറ്ററിലും യൂ ട്യൂബിലും നമ്മൾ ഉണ്ട്.

## മാധ്യമ പങ്കാളികൾ

മലയാളി സമൂഹത്തെ ഉന്നംവയ്ക്കുന്ന വിവിധ അച്ചടി, ഓൺലൈൻ, ദൃശ്യ മാധ്യമങ്ങളുമായി സംഘടന നിരന്തരം നല്ല ബന്ധം നിലനിർത്തുന്നു. മിക്ക അവസരങ്ങളിലും നമ്മുടെ പത്രക്കുറിപ്പുകളും റിപ്പോർട്ടുകളും കാര്യമായ എഡിറ്റിംഗ് കൂടാതെ തന്നെ അവർ പ്രസിദ്ധീകരിക്കുന്നു. ഗർഷോം ടിവി, ആനന്ദ് മീഡിയ, മാഗ്നാ വിഷൻ, യു.കെ മലയാളിഡോട്ട്കോം, കേരള ലിങ്ക്, കൗമുദി യൂറോപ്പ്, മനോരമ ഓൺലൈൻ തുടങ്ങിയ സ്ഥാപനങ്ങളോട് നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു.

## കേരള ഹൗസ്

കേരള ഹൗസിന്റെ ഉപയോഗവും ഗണ്യമായി വർധിച്ചിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ കമ്മ്യൂണിറ്റി ഗ്രൂപ്പുകളും വിശ്വാസി സമൂഹങ്ങളും കേരള ഹൗസ് പതിവായി ഉപയോഗിക്കുന്നു. സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പ്രത്യേകത, പൊതുഗതാഗത സൗകര്യം ഉപയോഗിച്ച് എളുപ്പത്തിൽ എത്താനുള്ള മാർഗം, കുറഞ്ഞ നിരക്ക് എന്നിവയാണ് കേരള ഹൗസിന്റെ ഉപയോഗം വർധിക്കാനുള്ള കാരണങ്ങൾ.

ഒന്നാം നിലയിലെ പിന്നിലെ മുറിയാണ് ഓഫീസായും ബോർഡ് റൂമായും ഉപയോഗിക്കുന്നത്. ഇവിടെ ഡയറക്ടർമാർക്ക് മാത്രമായി പ്രവേശനം നിയന്ത്രിച്ചിട്ടുണ്ട്. ഒന്നാം നിലയിലെ മുന്നിലെ മുറി ക്ലാസ്റൂം ആക്കി മാറ്റി. വല്ലപ്പോഴും മീറ്റിംഗ് കൂടാനും അതുപയോഗിക്കുന്നു.

ഇനിപ്പറയുന്ന ആജീവനാന്ത അംഗം 2018ൽ കേരള ഹൗസ് ഫ്രീബുക്കിംഗ് സൗകര്യം ഉപയോഗിച്ചു: ജീജു ശശി.

2018ൽ കേരള ഹൗസ് സന്ദർശിച്ച പ്രമുഖരിൽ ഇവരും ഉൾപ്പെടുന്നു: ' കവിയും എഴുത്തുകാരനുമായ പ്രൊഫ. കവിതാ ബാലകൃഷ്ണൻ,

എഴുത്തുകാരനും യു.എൻ. ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ വിഭാഗം മേധാവിയുമായ മുരളി തുമ്മാരുകുടി, തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണർ കെ.സഞ്ജയ് കുമാർ ഐ.പി.എസ്, പ്രൊഫ. രവിചന്ദ്രൻ, സംഗീത സംവിധായകൻ ഔസേപ്പച്ചൻ, പ്രൊഫ. വി. മധുസൂദനൻ നായർ, ഗാന്ധി ഭവൻ ചാരിറ്റി ഡയറക്ടർ പുനലൂർ സോമരാജൻ, നോവലിസ്റ്റ് എൻ.പി.ഹാഫിസ് മുഹമ്മദ്.

## കലാ സാംസ്കാരിക സേവനങ്ങൾ

### ചെണ്ട ട്രൂപ്പ്

വിനോദ് നവധാരയുടെ മാർഗനിർദേശത്തിലും പരിശീലനത്തിലും 2011ൽ സ്ഥാപിതമായ MAUK ചെണ്ട ട്രൂപ്പ് രാജ്യത്തെ പ്രമുഖ ചെണ്ട ട്രൂപ്പായി മാറിയിരിക്കുകയാണ്. കുറെ കാലത്തിനിടെ, ട്രൂപ്പ് പല പ്രമുഖ ചടങ്ങുകളിലും ചെണ്ട അവതരിപ്പിച്ചു. കോമൺവെൽത്തിന്റെ അമ്പതാം വാർഷികാഘോഷം, ഒളിമ്പിക് ദീപശിഖാ റിലേ എന്നിവ അതിൽപ്പെടുന്നു. ക്ഷേത്രങ്ങളിലെയും പള്ളികളിലെയും ഉത്സവങ്ങൾക്കും ചെണ്ടമേളം അവതരിപ്പിക്കാറുണ്ട്. ഇന്ത്യൻ ഹൈക്കമ്മിഷനിലെ സ്വാതന്ത്ര്യദിന, റിപ്പബ്ലിക് ദിനാഘോഷങ്ങളിലും നമ്മുടെ ട്രൂപ്പ് സ്ഥിരമായി പങ്കെടുക്കുന്നു. എന്നാൽ, 2018ൽ ട്രൂപ്പ് യു.കെയിൽ വെറും മൂന്ന് പരിപാടികൾ മാത്രമേ അവതരിപ്പിച്ചിട്ടുള്ളൂ.

## കേരളീയ പാരമ്പര്യ കലയ്ക്കുള്ള പ്രോത്സാഹനം

യു.കെയിൽ കേരളത്തിന്റെ കലകളും സംസ്കാരവും പ്രോത്സാഹിപ്പിക്കുക എന്നത് MAUKയുടെ പ്രഖ്യാപിതലക്ഷ്യമാണ്. വൈവിധ്യമാർന്ന അനുഷ്ഠാനങ്ങളും പ്രാചീന കലാരൂപങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് 2017ൽ നാം പ്രത്യേക ശ്രദ്ധ പതിപ്പിച്ചിരുന്നു. വംശനാശം വന്നുകൊണ്ടിരിക്കുന്ന ഇത്തരം അമൂല്യമായ കലാരൂപങ്ങൾ

മലയാളി സമൂഹത്തിന് പരിചയപ്പെടുത്തുക എന്ന ലക്ഷ്യവുമുണ്ട്. ഇതിനായി കട്ടൻകാപ്പിയുടെ പ്രത്യേക സെഷനുകൾ നടത്താറുണ്ട്. കേരളത്തിൽ നിന്ന് വന്ന കലാകാരനായ കണ്ണൻ മരുതൂർവട്ടത്തിന്റെ ഓട്ടൻതുള്ളൽ രണ്ടുദിവസം നമ്മൾ നടത്തി.

## കട്ടൻകാപ്പിയും കവിതയും

2018ൽ അവിസ്മരണീയമായ നിരവധി കാര്യങ്ങൾ ഈ പരിപാടിയിൽ ചെയ്തു. കല, കൗമുദി യൂറോപ്പ്, എസ്സൻസ് യു.കെ, വിമൻസ് ഫോറം എന്നിവയുമായി സഹകരിച്ചും സംഘടന ഒറ്റയ്ക്കും പതിനൊന്ന് പരിപാടികൾ നടത്തി. ഈ സംഘടനകളുടെ സേവനം നന്ദിയോടെ സ്മരിക്കുന്നതിനൊപ്പം ഈ പ്രസ്ഥാനത്തിലെ വോളന്റിയർമാരോട് ആത്മാർഥമായി നന്ദിപ്രകടിപ്പിക്കുകയും ചെയ്യുന്നു. സ്ഥാപിതമായിട്ട് 79 വർഷം പിന്നിടുന്ന 'കോഫി ആന്റ് പോയട്രി' (കട്ടൻകാപ്പിയും കവിതയും) ഇപ്പോഴും എല്ലാത്തരം അഭിപ്രായങ്ങൾക്കും വീക്ഷണങ്ങൾക്കും വേദിയൊരുക്കുന്നു.

## 2018ൽ നടത്തിയ പരിപാടികൾ

- ജനുവരി 14- രാത്രിമഴ പെയ്യുമ്പോൾ- പുനത്തിലിന് ആദരാഞ്ജലിയുമായി സുഗതകുമാരിയുടെ കവിതയുടെ ആലാപനം
- എപ്രിൽ 14- ചില നാട്ടുകാര്യങ്ങൾ- മുരളി തുമ്മാരുകുടി
- എപ്രിൽ 15- കാവ്യസന്ധ്യ- കുരീപ്പുഴ ശ്രീകുമാറിന്റെ കവിത
- മേയ് 26- മരിച്ചു ജീവിക്കുന്നവർ- പ്രൊഫ. സി.രവിചന്ദ്രന്റെ പ്രഭാഷണം (യു.കെ എസ്സൻസുമായി ചേർന്ന്)
- ജൂലായ് 21- ചാരിറ്റിയെപ്പറ്റി-ഡോ. പുനലൂർ സോമരാജൻ
- ജൂലായ് 28- മീശയുടെ 101 നിറങ്ങൾ-അഭിപ്രായ സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള ചർച്ച

- ഓഗസ്റ്റ് 18- പ്രളയാനന്തര കേരളത്തെപ്പറ്റി ഡോ.കെ.രവിരാമന്റെ പ്രഭാഷണവും ചർച്ചയും.
- സെപ്റ്റംബർ 30- ചക്കരക്കുടത്തിൽ കൈയിട്ടാൽ-ചെമ്മനം ചാക്കോയ്ക്ക് ആദരാഞ്ജലി, ജസ്റ്റ് എ മിനിറ്റ് ഭാഷാപരിപാടി.
- ഒക്ടോബർ 31- കവിയോടൊപ്പം-പ്രൊഫ. വി. മധുസൂദനൻ നായർ (കല, കൗമുദി യൂറോപ്പ് എന്നിവയുമായി ചേർന്ന്)
- നവംബർ 3- ബാലഭാസ്കറിന് ആദരാഞ്ജലി (MAUK വിമൻസ് ഫോറവുമായി ചേർന്ന്)
- നവംബർ 25-ഡോ.എൻ.പി.ഹാഫിസ് മുഹമ്മദിന്റെ പ്രഭാഷണം

## സാമൂഹ്യ, കായിക, വിനോദപരിപാടികൾ

### സ്ത്രീ വോട്ടവകാശ ശതാബ്ദി ആഘോഷങ്ങൾ

ആഘോഷത്തിന്റെ ഭാഗമായി, ബ്രിട്ടനിലെ ജനാധിപത്യത്തെയും സ്ത്രീകളുടെ സമ്മതിദാനാവകാശത്തിനുവേണ്ടി വാദിച്ച മഹിളകളയും പറ്റി MAUK ഒരു മാസം നീണ്ട പരിപാടികളും ശില്പശാലകളും സംഘടിപ്പിച്ചു. എപ്രിൽ രണ്ടിന് ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യപ്പെട്ടു. എപ്രിൽ 28ന് ഗംഭീരപരിപാടികളോടെ ആഘോഷങ്ങൾ സമാപിച്ചു.

ഈ വിഷയങ്ങളെപ്പറ്റി MAUK അഞ്ച് ശില്പശാലകൾ സംഘടിപ്പിച്ചു. സ്ത്രീകളുടെ കവിത, കല എന്നിവയ്ക്കു പുറമെ, കുട്ടികൾക്കും യുവാക്കൾക്കുമുള്ള ഐ.സി.ടി ശില്പശാലകൾ നടത്തി. മുതിർന്നവർക്ക് നാടകശില്പശാലയും സംഘടിപ്പിച്ചു. തിരഞ്ഞെടുത്ത പുസ്തകങ്ങൾ സദസ്സിന് പരിചയപ്പെടുത്തി. കാവ്യശില്പശാലയിൽ കുട്ടികൾ രചിച്ച കവിതകളുടെ ആലാപനവുമുണ്ടായിരുന്നു. ഈ പരിപാടികളെല്ലാം എല്ലാ പ്രായത്തിലുംപെട്ട സ്ത്രീകളുടെ പങ്കാളിത്തംകൊണ്ടും താല്പര്യംകൊണ്ടും ശ്രദ്ധിക്കപ്പെട്ടു.

ഈ പരിപാടികൾക്കെല്ലാം വിമൻസ് വോട്ട് സെന്റിനറി ഗ്രാന്റ്സ് സ്കീമിന്റെ ധനസഹായമുണ്ടായിരുന്നു. പരിപാടികൾ എകോപിപ്പിച്ചത് MAUK വോളന്റിയർ ജാസ്ലിൻ ഷിമ്മി ആന്റണിയാണ്.

## കോച്ച് ട്രിപ്പ്

ഇക്കൊല്ലം രണ്ട് കോച്ച് ട്രിപ്പുകൾ സംഘടിപ്പിച്ചു. ആദ്യത്തേത്, ബ്രസൽസ്, ക്യൂക്കെൻഹോപ്, ആംസ്റ്റർഡാം എന്നിവിടങ്ങളിലേക്കുള്ള യൂറോപ്യൻ കോച്ച് ടൂറായിരുന്നു. മേയിലെ ബാങ്ക് ഹോളിഡേ വാരത്തിലായിരുന്നു ഇത്. 49 പേർ പങ്കെടുത്തു. ജൂലായ് 14ന് ഫ്രിന്റൻ ഓൺ സീ എന്ന എകദിന ട്രിപ്പിൽ 80 പേർ ചേർന്നു.

## യു.കെ മലയാളി ക്രിക്കറ്റ് ലീഗ് (യു.കെ.എം.സി.എൽ)

MAUK, കേരള കാത്തലിക് അസോസിയേഷൻ, കേരള കൾച്ചറൽ ആന്റ് വെൽഫെയർ അസോസിയേഷൻ എന്നീ സംഘടനകൾ ഒത്തുചേർന്ന് 2004ൽ ആരംഭിച്ചതാണ് യു.കെ മലയാളി ക്രിക്കറ്റ് ലീഗ്. യു.കെയിലെ മലയാളികൾക്കിടയിൽ ക്രിക്കറ്റ് താല്പര്യം വളർത്തുന്നതിനും കായികപ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും തുടങ്ങിയതാണ്. മുൻവർഷങ്ങളിലെപ്പോലെ ലീഗ് വിജയികളായ ഈസ്റ്റ് ഹാം മലയാളി ക്രിക്കറ്റ് ക്ലബിന് ഓണാഘോഷത്തോടനുബന്ധിച്ച് അവാർഡുകൾ നൽകുകയുണ്ടായി. ഈസ്റ്റ് ഹാമിലെ തന്നെ ഹോൺബിൽ ആയിരുന്നു റണ്ണറപ്പ്. യു.കെ.എം.സി.എല്ലിന്റെ കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

## കാർഡ് മത്സരം

MAUKയുടെ വാർഷിക ചീട്ടുകളി മത്സരം കേരളഹൗസിൽ ജൂലായ് 22ന് നടന്നു. ഇത്തവണത്തെ വിജയികൾ ജയിൻലാൽ സോമൻ, പുഷ്കാസ് വാസു, ആർ. സാംബശിവൻ എന്നിവരായിരുന്നു. റണ്ണറപ്പുമാർ ഗംഗാധരൻ ബാബു, ദിനേഷ് ശോഭനൻ, അജിത് ലക്ഷ്മണൻ എന്നിവരും. MAUK ഓണാഘോഷത്തിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു.

## കേരളോത്സവം 2018

ജൂലായ് രണ്ട് ഞായറാഴ്ച ഫൽന്റേഴ്സ് പ്ലേയിംഗ് ഫീൽഡിലായിരുന്നു കേരളോത്സവം 2018 നടന്നത്. ദിവസംമുഴുവൻ ഔട്ട്ഡോറിൽ നടന്ന ആഘോഷത്തിലെ പ്രധാന ഇനം MAUK വിമൻസ് ഫോറം സംഘടിപ്പിച്ച മെഗാ തിരുവാതിരയായിരുന്നു. യൂറോപ്പ് ആകമാനമെടുത്താൽ ഇങ്ങനെ ഒരു പരിപാടി നടത്തുന്നത് ആദ്യമായിട്ടാണ്. യു.കെയിലെ 16നും 75നും മധ്യേ പ്രായമുള്ള 210 പേർ തിരുവാതിരയിൽ പങ്കെടുത്തു.

MAUK വിമൻസ് ഫോറത്തിലെ സീനാ അജീഷിന്റെ നേതൃത്വത്തിൽ 18 അംഗ വോളന്റിയർമാരുടെ ഒത്താശയോടെ സംഘടിപ്പിക്കപ്പെട്ട പരിപാടി വലിയ വിജയമായിരുന്നു. രതി മഹേഷ്, ജെന്നിസ് ജയിംസ്, സാന്ദ്ര സുഗതൻ, ശ്രുതി നാരായണ, രാജേശ്വരി സദാശിവൻ, വിനീതാ ലിജോ ആന്റണി, ഷാംല സതീശൻ, അനുപമ ബിജു, പ്രിയ നായർ, ധന്യ രവീന്ദ്രനാഥ്, രോഹിണി ദയാനന്ദ് എന്നിവരായിരുന്നു ആ വോളന്റിയർമാർ. അവരാണ് പരിശീലനം നൽകിയത്. രോഹിണി ദയാനന്ദ് ആയിരുന്നു മെഗാ തിരുവാതിരയുടെ കോറിയോഗ്രാഫർ.

**മെഗാ തിരുവാതിര കാണാൻ ഈ ലിങ്കിൽ കയറുക.**

യു.കെയിലെമ്പാടും നിന്നുള്ള ആയിരത്തിലേറെ ആളുകൾ ഇതിൽ സംബന്ധിച്ചു. കേരള നിയമസഭാ സ്പീക്കർ ശ്രീ. പി.ശ്രീരാമകൃഷ്ണനായിരുന്നു മുഖ്യാതിഥി. ഈസ്റ്റ് ഹാമിൽ നിന്നുള്ള എം.പി സ്റ്റീഫൻ ടിംസ്, ലണ്ടൻ അസംബ്ലിയിലെ സിറ്റി ആന്റ് ഈസ്റ്റ് ലണ്ടൻ പ്രതിനിധി ഉമേഷ് ദേശായി, സി.ദിവാകരൻ എം.എൽ.എ, റോഷി അഗസ്റ്റിൻ എം.എൽ.എ എന്നിവരും അതിഥികളായിരുന്നു.

**ഓണസദ്യ**

കേരളത്തിലുണ്ടായ പ്രളയം കാരണം ഓണസദ്യ വേണ്ടെന്നു വച്ചു.

**അന്താരാഷ്ട്ര വനിതാ ദിനം**

MAUK പുതുതായി രൂപീകരിച്ച വിമെൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കേരള ഹൗസിൽ വച്ച് 2018 മാർച്ച് 18ന് ഞായറാഴ്ച അന്താരാഷ്ട്ര വനിതാ ദിനം ആഘോഷിച്ചു. ബോധവൽക്കരണ ക്ലാസുകൾ, സാംസ്കാരിക വിനോദപരിപാടികളെല്ലാം നടത്തി. നൂറിലേറെപ്പേർ പങ്കെടുത്തു. പ്രാദേശികമായി വനിതാ ശാക്തീകരണത്തിനുവേണ്ടി പ്രവർത്തിച്ചിട്ടുള്ള അധികം അറിയപ്പെടാത്തവരെ അനുസ്മരിക്കുകയുണ്ടായി.

സമൂഹത്തിന്റെ എല്ലാ മേഖലയിലും വനിതകളുടെ പങ്കാളിത്തം ഉണ്ടാകേണ്ടതിന്റെ ആവശ്യകത മുഖ്യ പ്രഭാഷകയായ ഡോ. ശീതൾ ഷാ ചൂണ്ടിക്കാട്ടി. ന്യൂഹാം കൗൺസിലിന്റെ ഭവനരഹിതരുടെ യൂണിറ്റിൽ പ്രവർത്തിക്കുന്ന അജിതാ സജീവ് വനിതകളുടെ സുരക്ഷിതത്വത്തെപ്പറ്റി സംസാരിച്ചു. താൻ എങ്ങനെയാണ് വിജയകരമായി തുടക്കം മുതലേ ബിസിനസ്സ് കെട്ടിപ്പടുത്ത അനുഭവം സ്വയം പ്രോപ്പർട്ടീസിലെ ഷീബാ അനിൽ പങ്കുവച്ചു.

സ്വയരക്ഷയുടെയും മാനസികാരോഗ്യത്തിന്റെയും പ്രാധാന്യത്തെപ്പറ്റി ന്യൂഹാം കോളേജിലെ ബ്യൂട്ടി ആന്റ് സ്പാ വിഭാഗം മേധാവി ഹലീമാ അസീസ് പറഞ്ഞു. സീനാ അജീഷിന്റെയും ടീമിന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ച ഈ പരിപാടികൾ എല്ലാവരുടെയും മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റി.

**വയോജന സേവനം**

**സിക്സ്റ്റി പ്ലസ് സിസ്റ്റേഴ്സ് ക്ലബ്**

2006ൽ MAUKയുടെ സമർപ്പിതസേവകയായിരുന്ന പരേതയായ ശ്രീമതി ഗിരിജാ നായരാണ് സിസ്റ്റേഴ്സ് ക്ലബ് സ്ഥാപിച്ചത്. അറുപതു കഴിഞ്ഞ സ്ത്രീകൾക്ക് പിന്തുണയും സഹോദര സ്നേഹവും പകർന്നു നൽകുക എന്ന ലക്ഷ്യത്തോടെയായിരുന്നു അത്. ഇപ്പോൾ MAUKക് സീനിയർ ഡയറക്ടർ രാജേശ്വരി സദാശിവന്റെ നേതൃത്വത്തിൽ രാധാ രാജൻ, രാധാ അശോകൻ, പ്രസന്ന വിജയകരൻ തുടങ്ങിയവരുടെ സഹായത്തോടെ വളരെ കാര്യക്ഷമമായി ക്ലബ് പ്രവർത്തിക്കുന്നു.

ക്ലബിന് ഇരുപത്തഞ്ചിലേറെ സ്ഥിരം സജീവ അംഗങ്ങളുണ്ട്. അവർ കേരള ഹൗസിൽ എല്ലാ ചൊവ്വാഴ്ചയും ഉച്ചയ്ക്ക് ഒരു മണിമുതൽ 4 മണി വരെ ഒത്തുചേരുകയും പാട്ട്, കവിത, നൃത്തം, ലളിതമായ വ്യായാമ മുറകൾ, രുചി, സാംസ്കാരിക പരിപാടികൾക്കുള്ള പരിശീലനം തുടങ്ങിയവയിൽ എർപ്പെടുകയും ചെയ്യുന്നു. ക്ലബിലെ അംഗങ്ങൾ ശക്തമായ മമതാ ബന്ധം വളർത്തിയെടുക്കുകയും പരസ്പരം സഹായിക്കാനുള്ള മാനസികാവസ്ഥയിലെത്തുകയും ചെയ്തിട്ടുണ്ട്. ഇക്കൊല്ലം സിസ്റ്റേഴ്സ് ക്ലബ് അംഗങ്ങൾ രണ്ട് എകദിന ടൂറുകൾ നടത്തി. ഇതിന് സഹായിച്ച ഫോർഡ് കമ്മ്യൂണിറ്റി ട്രാൻസ്പോർട്ട് സ്കീം, അൽഡ്ഗേറ്റിലെ ഹലാൽ റസ്റ്റോറന്റ് എന്നിവരോട് MAUKയുടെ നിസ്സീമമായ കടപ്പാടുണ്ട്.

## വയോജന ക്ലബ്

എൽഡേഴ്സ് ക്ലബ് എല്ലാ വ്യാഴാഴ്ചയും രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ കേരളഹൗസിൽ ഒത്തുചേരുന്നു. ചീട്ടുകളി, ക്യാരംസ് ബോർഡ് എന്നിവ കളിക്കുന്നു. വ്യായാമ മുറ പരിശീലനം, മറ്റു കലാ വിനോദങ്ങൾ തുടങ്ങിയവയും ഉണ്ട്. കേരള ഉച്ചഭക്ഷണം എല്ലാവർക്കും നൽകുന്നു. മുതിർന്നവർക്ക് ഒത്തുചേരാനും ജീവിത സായന്തനം ആഹ്ലാദകരമാക്കി മാറ്റാനും ക്ലബ് എപ്പോഴും പ്രധാന കേന്ദ്രമായി മാറുന്നു.

## തലമുറ

MAUK വോളന്റിയർ സുരേഷ് സുകുമാരൻ കോർഡിനേറ്റ് ചെയ്യുന്ന 'തലമുറ' ഒന്നിരാടമുള്ള വെള്ളിയാഴ്ചകളിൽ കേരള ഹൗസിൽ ഉച്ചയ്ക്ക് ഒരുമണി മുതൽ വൈകിട്ട് 6 മണിവരെ ഒത്തുകൂടുന്നു. 2018ൽ ഇതിൽ പങ്കെടുത്തവരുടെ എണ്ണത്തിൽ ഗണ്യമായ വർധന ഉണ്ടായി. പാചകമായിരുന്നു പ്രധാനപ്പെട്ട പരിപാടി.

## 150 ക്ലബ്

പ്രമേഹരോഗത്തിന് സാധ്യതയുള്ള ആളുകളുടെ വ്യായാമാധിഷ്ഠിത പ്രതിരോധ പരിപാടിക്ക് വേണ്ടി തുടങ്ങിയതാണ് 150 ക്ലബ്. ഈ സ്കീം എൻ.എച്ച്.എസ് ന്യൂഹാം ക്ലിനിക്കൽ കമ്മിഷനിംഗ് ഗ്രൂപ്പിന്റെയും (സിസിജി) ന്യൂഹാം കൗൺസിലിന്റെയും 150 ക്ലബിന്റെയും ഒരു സംയുക്ത സംരംഭമാണ്. വെസ്റ്റ് ഹാം യുണൈറ്റഡ് ഫൗണ്ടേഷനും കൗൺസിലിന്റെ ലീഷർ ട്രസ്റ്റും MAUK ഉൾപ്പെടുന്ന സ്റ്റേവെൽ പാർട്ണർഷിപ്പും ഇതിനോട് സഹകരിച്ച് പ്രവർത്തിക്കുന്നു.

150 ക്ലബിന്റെ വ്യായാമ പരിപാടി എല്ലാ ചൊവ്വാഴ്ചയും കേരളഹൗസിലാണ് നടക്കുന്നത്. ഈ ക്ലബിൽ ചേരാൻ

ആഗ്രഹിക്കുന്നവർ അവരുടെ ഡോക്ടറെ കണ്ട് ക്ലബിൽ ചേരാനുള്ള റഫറൽ ലെറ്റർ വാങ്ങിക്കൊണ്ടു വരേണ്ടതാണ്.

## ബീഫ്രെണ്ടിംഗ് സേവനം

വീടുകളിൽ നിന്ന്  പുറത്തിറങ്ങാൻ കഴിയാത്ത പ്രായമായവരെ സഹായിക്കാനുള്ള കരുണാർദ്രമായ ഒരു അപൂർവ സേവനമാണ് വയോജനങ്ങളെ മിത്രമാക്കുക എന്നർഥമുള്ള ഇത്. ഇതിൽ പങ്കെടുക്കുന്നവർ ചെയ്യുന്നത് വീടുകളിൽ കഴിയുന്ന വൃദ്ധരെ സന്ദർശിച്ച് അവരോടൊത്ത് ചായയൊക്കെ കഴിച്ച് സൊറ പറഞ്ഞിരിക്കുക എന്നതാണ്. ഷോപ്പിംഗിന് പോകാൻ സഹായിക്കുക, ഡോക്ടറെ കാണാൻ സഹായിക്കുക, പാർക്ക് വരെ ഒരു ചെറുസവാരിക്ക് കൂട്ടുപോകുക തുടങ്ങിയ സേവനങ്ങളാണ് ഇതിലൂടെ നൽകുന്നത്. ഈ സേവനങ്ങൾ ആവശ്യമുള്ള ആരെങ്കിലുമുണ്ടെന്ന് നിങ്ങൾക്കറിയാമെങ്കിൽ അവരുടെ വിവരങ്ങൾ info@mauk.org / 07961454644 എന്ന നമ്പരിലോ അറിയിച്ചാൽ അവിടെ എത്തി സേവനം ചെയ്യുന്നതിൽ നമുക്ക് സന്തോഷമാണുള്ളത്.

## വിദ്യാഭ്യാസ സേവനങ്ങൾ

### ചെണ്ട-തബല ക്ലാസുകൾ

പെർക്കഷൻ ഇൻസ്ട്രമെന്റ് ക്ലാസുകളിൽ പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം കൂടുന്നു. ഇതിൽ ഇപ്പോൾ മലയാളികളല്ലാത്ത കുട്ടികളും ചേരുന്നുണ്ട്. വൺ-ടു-വൺ ക്ലാസുകൾ മാത്രമല്ല, പ്രവൃത്തി ദിനങ്ങളിൽ വൈകിട്ടും വാരാന്ത്യത്തിൽ പകലും ക്ലാസുകൾ നടത്തുന്നു. വിദ്യാർഥികൾക്ക് അവരുടെ സമയത്തിനും സൗകര്യത്തിനും അനുസരിച്ച് ഇതിൽ ചേരാം. ശ്രീ. വിനോദ് കുമാർ സുകുമാരനാണ് ക്ലാസുകൾ നയിക്കുന്നത്.

## കീബോർഡ്, ഗിറ്റാർ ക്ലാസുകൾ

കീബോർഡ്, ഗിറ്റാർ ക്ലാസുകളിൽ പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണവും കൂടിയിട്ടുണ്ട്. ശനി, ഞായർ ദിവസങ്ങളിൽ ഉച്ചയ്ക്കാണ് ഇപ്പോൾ ക്ലാസുകൾ. അഞ്ചു വയസ്സുമുതൽ 60 വയസ്സുവരെയുള്ളവർ പഠിക്കാനെത്തുന്നു. പ്രമുഖ സംഗീതജ്ഞനും സംവിധായകനുമായ ശ്രീ. ആൽബർട്ട് വിജയൻ MAUK വിദ്യാർഥികളെ പരിശീലിപ്പിക്കുന്നു.

## ഭരതനാട്യം ക്ലാസ്

അധികമാർക്കും താല്പര്യമില്ലാത്തതിനാൽ ഭരതനാട്യം ക്ലാസുകൾ 2018 നവംബർ മുതൽ നിറുത്തലാക്കി.

## മലയാളം ക്ലാസുകൾ

കമ്മ്യൂണിറ്റിയിൽനിന്നുള്ള വർധിച്ച ആവശ്യം കണക്കിലെടുത്ത് MAUK മലയാളം ക്ലാസുകൾ പുനരാരംഭിച്ചു. 2018 എപ്രിൽ 14 ശനിയാഴ്ച പുതിയ ക്ലാസുകൾ തുടങ്ങി. കേരള ഹൗസിൽ ഞായറാഴ്ച തോറും രാവിലെ 10 മണി മുതൽക്കാണ് ക്ലാസ്. ഇപ്പോൾ നമുക്ക് മൂന്ന് വ്യത്യസ്ത ശേഷി വിഭാഗത്തിൽപ്പെട്ട നാല്പതിലേറെ വിദ്യാർഥികൾ മലയാളം പഠിക്കുന്നു.

## 2018ലെ വിദ്യാഭ്യാസ അവാർഡുകൾ

ഓണാഘോഷ പരിപാടിയിൽ വച്ച് ആരാധ്യനായ ലോട്ടൻ മേയർ ഫിലിപ്പ് എബ്രഹാം MAUKയുടെ വിദ്യാഭ്യാസ അവർഡുകൾ സമ്മാനിച്ചു. മികച്ച ജിസിഎസ്ഇ ഫലത്തിന് മാഞ്ചസ്റ്ററിൽ നിന്നുള്ള ജിയാ റോസ് ജിജോ അവാർഡ് സ്വീകരിച്ചു. ഈസ്റ്റ്ഹാമിൽ നിന്നുള്ള അർജുൻ സന്തോഷ് രണ്ടാം സമ്മാനം നേടി.

## കമ്മ്യൂണിറ്റി

## കേരള പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

നമ്മുടെ സുന്ദരമായ കേരളത്തിലുണ്ടായ പ്രളയത്തിൽ നിരവധിപേർ മരിക്കുകയും ഒരുപാടുപേർ അതിന്റെ കെടുതികൾ അനുഭവിക്കുകയും ചെയ്തതിനെത്തുടർന്ന് അവരെ സഹായിക്കാനുള്ള നിധി ശേഖരണത്തിന് MAUK നിരവധി കാര്യങ്ങൾ ചെയ്യുകയുണ്ടായി. നാട്ടിൽ അവധിക്കും മറ്റും എത്തിയ നമ്മുടെ അംഗങ്ങളുടെയും മറ്റ് വോളന്റിയർമാരുടെയും പ്രാദേശിക ബന്ധങ്ങളുടെയും സഹായത്തോടെ ദുരന്തത്തിന്റെ ആഴവും വ്യാപ്തിയും മനസ്സിലാക്കി വളരെ പെട്ടെന്ന് കാര്യങ്ങൾ ചെയ്ത സംഘടനകളിൽ മുമ്പന്തിയിലാണ് MAUK.

പ്രളയം കഴിഞ്ഞ ആദ്യനാളുകളിൽ MAUK വോളന്റിയർമാർ ഭക്ഷണം, മരുന്ന്, വസ്ത്രങ്ങൾ, ഡ്രൈക്ലീനിംഗ് സാമഗ്രികൾ തുടങ്ങിയവ ശേഖരിച്ച് ലോകകേരള സഭ അംഗങ്ങൾക്ക് കൈമാറി. അവർ അത് കാർഗോ വഴി നാട്ടിലെത്തിച്ച് അർഹർക്ക് വിതരണം ചെയ്യുകയുണ്ടായി. ബി.ബി.സി ലണ്ടൻ ന്യൂസ് കവറേജ് നമ്മുടെ ശ്രമങ്ങൾ എളുപ്പമാക്കി. സഹായത്തിനുവേണ്ടി നമ്മുടെ സമൂഹ മാധ്യമ പേജുകളും ഉപയോഗിച്ചു. എന്നാൽ, അക്കാലത്ത് നമ്മുടെ ശ്രമങ്ങളെപ്പറ്റി കൊട്ടിഘോഷിക്കാൻ ആ പേജുകളെ ഉപയോഗിച്ചില്ല, അതു MAUKയുടെ രീതിയുമല്ല. കേരളത്തെ സഹായിക്കാൻ രാജ്യമൊട്ടാകെ അഭ്യർഥന നടത്തണമെന്ന് നമ്മൾ ഡിസാസ്റ്റർ എമർജൻസി കമ്മിറ്റിക്കും ബി.ബി.സിക്കും കത്തെഴുതി.

പ്രളയത്തിനു മൂന്നു ദിവസത്തിനുശേഷം MAUK ചാരിറ്റീസ് ട്രസ്റ്റ് ധനസമാഹരണ സൈറ്റായ സ്പോൺസർമീ ഡോട്ട്കോം വഴി നമ്മൾ ധനസമാഹരണ അഭ്യർഥന നടത്തി. ഈ പേജ് വഴി നമുക്ക് 241 പേരിൽ നിന്ന് 16,489 പൗണ്ട് പണമായും 3552 പൗണ്ടിന്റെ ഗിഫ്റ്റുകളും സമാഹരിക്കാനായി. ഇതിനു പുറമെ, ബിർമിംഹാമിൽ നിന്നുള്ള

11കാരൻ റിയാൻ കുന്നുമ്മലിന്റെ സ്പോൺസർ പേജ് വഴി 650 പൗണ്ടും പിരിച്ചുതന്നു.

ഇത്തവണത്തെ ഓണം ആഘോഷങ്ങൾ പ്രളയ ധനസമാഹരണത്തിനുള്ള അവസരമാക്കി നാം മാറ്റി. അങ്ങനെ 217 പേരിൽ നിന്ന് 14447 പൗണ്ട് സമാഹരിച്ചു. നാം ലക്ഷ്യമിട്ട 25 ലക്ഷം രൂപ (ഉദ്ദേശം 30000 പൗണ്ട്) സമാഹരിക്കാൻ കഴിഞ്ഞെങ്കിലും നമുക്കറിയാം അത് കേരളത്തിന്റെ പുനർനിർമാണത്തിന് വേണ്ടി വരുന്ന തുകയും പരിശ്രമവുമായി തട്ടിച്ചുനോക്കുമ്പോൾ കടലിലെ ഒരു തുള്ളി വെള്ളം മാത്രമാണെന്ന്. ഈ പണം ഫലപ്രദമായി എങ്ങനെ ചെലവിടാം എന്നതിനെപ്പറ്റി ആലോചിക്കാൻ 2018 ഒക്ടോബർ 21 ഞായറാഴ്ച കേരള ഹൗസിൽ ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നു.

MAUKയുടെ പ്രളയദുരിതാശ്വാസ ധനസമാഹരണ യജ്ഞത്തിൽ പങ്കാളികളായ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഒരിക്കൽ കൂടി നന്ദി പറയാൻ ഈ അവസരം ഉപയോഗിക്കുകയാണ്. കേരള പുനർനിർമാണം എന്നത് വർഷങ്ങളെടുക്കുന്ന ഒരു ഭീമൻ യജ്ഞമാണെന്ന് നാമെല്ലാം സമ്മതിക്കും. ഈ ഹെർക്കൂലിയൻ യജ്ഞത്തിൽ ചെറിയ പങ്കെങ്കിലും വഹിക്കാനുള്ള MAUKയുടെ ശ്രമത്തെ ശക്തിപ്പെടുത്താൻ തുടർന്നും നിങ്ങളുടെ പിന്തുണയും ഉപദേശവും മാർഗനിർദേശവും നൽകണമെന്ന് അഭ്യർഥിക്കുന്നു. സമാഹരിച്ച പണം ഫലപ്രദമായും കാര്യക്ഷമമമായും ഉപയോഗിക്കുമെന്നും ആ വിവരങ്ങൾ അപ്പപ്പോൾ നിങ്ങളെ അറിയിക്കുമെന്നും ചെലവിട്ട പണത്തിന് കൃത്യമായ ഓഡിറ്റ് റിപ്പോർട്ട് തരുമെന്നും വാക്കുതരികയാണ്. 2019ൽ ആലപ്പുഴ കുട്ടനാട്ടിലെ വിദൂര ഗ്രാമമായ മങ്കൊമ്പിൽ നമ്മൾ ഒരു ജലശുദ്ധീകരണ പ്ലാന്റ് നിർമ്മിച്ചുകൊടുത്തു. ശുദ്ധജല ക്ഷാമമുള്ള മറ്റ് മൂന്നിടത്തു കൂടി അത്തരം പ്ലാന്റ് നിർമ്മിക്കാനുള്ള ഒരുക്കത്തിലാണ് നാം.

## ഓണം 2018/ കേരള പ്രളയ ദുരിതാശ്വാസ ധനസമാഹരണ സംരംഭം

മുൻകാലങ്ങളിലെന്നപോലെ ഓണം ആഘോഷിക്കാൻ MAUK മാസങ്ങൾക്കു മുമ്പേ ഒരുക്കങ്ങൾ തുടങ്ങിയിരുന്നു. എന്നാൽ, നാട്ടിൽ നമ്മുടെ സഹോദരങ്ങളുടെ ജീവൻ നഷ്ടപ്പെട്ടതും കൊടിയ നാശവും കണക്കിലെടുത്ത് ഉടൻ ഒരു ആഘോഷം നടത്തുന്നത് അനൗചിത്യമാകുമെന്ന് ഡയറക്ടർ ബോർഡ് കരുതി. എന്നാൽ, ആസൂത്രണത്തിനും നിർവഹണത്തിനും ചെലവിട്ട പണവും ശ്രമവും കണക്കിലെടുത്താൽ മൊത്തമായി ആഘോഷം ഉപേക്ഷിക്കുന്നതും അത്ര ശരിയാവില്ല. അതിനാൽ, നമ്മൾ ആഘോഷങ്ങളും ആഡംബരങ്ങളും ഒഴിവാക്കി, ഓണാഘോഷ വേദിയെ പ്രളയ ധനസമാഹരണത്തിനുള്ള അവസരമാക്കി മാറ്റി. 2018 സെപ്റ്റംബർ 16 ഞായറാഴ്ച ഇൽഫോർഡ് ടൗൺ ഹാളിലായിരുന്നു പരിപാടി. പ്രധാന ആകർഷണം ഇന്ത്യൻ പിന്നണി ഗായകരായ രഞ്ജിനി ജോസ്, കണ്ണൂർ ഷെരിഫ്, പ്രദീപ് ബാബു എന്നിവരുടെ സംഗീതപരിപാടിയായിരുന്നു. MAUKക് നിസരി മ്യൂസിക് ഗ്രൂപ്പിലെ ഗായകരും അതിൽ പങ്കുചേർന്നു. കലാസാഗർ അവാർഡ് നേടിയിട്ടുള്ള പ്രമുഖ കലാകാരൻ കണ്ണൻ മരുതൂർവട്ടത്തിന്റെ ഓട്ടൻതുള്ളൽ എല്ലാവരെയും ഹഠാദാകർഷിച്ചു.

റെഡ് ബ്രിഡ്ജിലെ ആരാധ്യനായ മേയർ ഡെബി കൗർ തിയാര, റെഡ്ബ്രിഡ്ജ് ടൗൺ ഹാൾ സൗജന്യമായി വിട്ടുതന്നു. അവിടെ വച്ചാണ് പ്രളയദുരിതാശ്വാസത്തിന് 14440 പൗണ്ട് സമാഹരിച്ചത്. മേയറോടും കൗൺസിലർ തവതുരൈ ജയരഞ്ജനോടും സംഘടനയ്ക്കുള്ള നിസ്സീമമായ നന്ദി പ്രകാശിപ്പിക്കുന്നു.

## മെഗാ റാഫിൾ

കേരള പ്രളയ ദുരിതാശ്വാസ ധനസമാഹരണത്തിന് ഒരു മെഗാ റാഫിൾ നടത്തുകയുണ്ടായി. ടിക്കറ്റ് വില്പന കെ.എഫ്.എഫ്.ഇയിൽ ആരംഭിക്കുകയും 2018 ഡിസംബർ എട്ടിന് കേരള ഹൗസിൽ നടന്ന വാർഷിക വോളന്റിയർ സംഗമത്തിൽ വച്ച് നറുക്കെടുക്കുകയും ചെയ്തു. ഒരു ടിക്കറ്റിന് അഞ്ചു പൗണ്ടായിരുന്നു. മലയാളി സമൂഹത്തോട് താല്പര്യമുള്ള ബിസിനസ് സ്ഥാപനങ്ങളാണ് പ്രൈസ് സ്പോൺസർ ചെയ്തത്. എല്ലാ സമ്മാനങ്ങളും നറുക്കെടുപ്പിലൂടെ വിതരണം ചെയ്തു.

## വ്യക്തികൾക്ക് പ്രചോദനം പകരുന്ന അവാർഡുകൾ

മലയാളി സമൂഹത്തിലെ അംഗങ്ങളുടെ നേട്ടങ്ങളും വിവിധ മേഖലകളിൽ അവർ നൽകുന്ന സംഭാവനകളും കണക്കിലെടുത്ത് മറ്റുള്ളവർക്ക് അതു പ്രചോദനമാകാനാണ് ഈ അവാർഡുകൾ എർപ്പെടുത്തിയിട്ടുള്ളത്. 2018ൽ അവാർഡ് ലഭിച്ചത് ഫ്രാൻസിസ് മാത്യൂസിനാണ്. മലയാളി സമൂഹത്തിനിടയിൽ എൻ.എച്ച്.എസ് അവയവദാന പ്രചാരണത്തെ സഹായിച്ചതിനും മറ്റൊരു ജീവൻ രക്ഷിക്കാൻ നിങ്ങളുടെ കിഡ്നി ദാനം ചെയ്യണമെന്ന മഹനീയ സന്ദേശം നൽകിയതിനുമാണ് അദ്ദേഹത്തിന് അവാർഡ് നൽകിയത്. MAUKയുടെ ആജീവനാന്ത അംഗം കൂടിയാണ് ഫ്രാൻസിസ്.

ഈ അവാർഡിന് അർഹരായവർ ഉണ്ടെങ്കിൽ അവരുടെ പേരുകളും വിശദാംശങ്ങളും MAUKയുടെ ഇമെയിൽ വിലാസത്തിൽ അയക്കാം. എന്തുകൊണ്ട് അവർ ഈ അവാർഡിന് അർഹരാണെന്നത് സംബന്ധിച്ച നിങ്ങളുടെ വിശദീകരണവും ഒപ്പം വേണം.

## MAUK/ഗിരിജാ നായർ- വോളന്റിയർ ഓഫ് ദ ഇയർ അവാർഡ്

MAUK വോളന്റിയർമാർക്ക് അവരുടെ സേവനങ്ങളും സംഭാവനകളും കണക്കിലെടുത്ത് നൽകുന്ന വോളന്റിയർ അവാർഡ് 2003ലാണ് എർപ്പെടുത്തിയത്. MAUKയുടെ മികച്ച വോളന്റിയർമാരിൽ ഒരാളായിരുന്ന ഗിരിജാ നായരെ ആദരിക്കാനാണ് 2014ൽ അവാർഡിന് അവരുടെ പേര് നൽകിയത്.

2017ലെ വോളന്റിയർ ഓഫ് ദ ഇയർ അവാർഡ് അശ്വതി ശശിധരനാണ് നേടിയത്. MAUK സാംസ്കാരിക പ്രവർത്തനങ്ങളിൽ വഹിച്ച പങ്കും നേതൃത്വവും കണക്കിലെടുത്താണ് അവാർഡ്.

## സ്പോൺസർഷിപ്പും സംഭാവനയും

മോശപ്പെട്ട സാമ്പത്തിക കാലാവസ്ഥയെ മറികടന്നും സ്പോൺസർഷിപ്പിലൂടെ MAUK കൂടുതൽ പണം സമാഹരിച്ചു. കേരള പ്രളയ ദുരിതാശ്വാസ പദ്ധതികൾക്കായി 40,000 പൗണ്ട് സമാഹരിക്കാനായി.

2018ലെ നമ്മുടെ മുഖ്യ സ്പോൺസറായ സ്വയം പ്രോപ്പർട്ടി സർവീസസിനെ അഭിനന്ദിക്കാൻ ബോർഡ് ഈ അവസരം ഉപയോഗിക്കുകയാണ്. സഹ സ്പോൺസർമാരായ നീർ ട്രാവൽസ്, സാം ട്രാവൽസ്, ലാ ആന്റ് ലായേഴ്സ്, തട്ടുകട, അനന്തപ്പുറം, ബിഗ് ബ്രിക്സ് കൺസ്ട്രക്റ്റേഴ്സ്, വിറ്റ-ഗ്രേ കൺസ്ട്രക്റ്റേഴ്സ്, ഗ്രീൻ സ്റ്റോപ്പ്, സോളങ്കി, ഗ്ലോബൽ സ്റ്റഡി ലിങ്ക്, മേജേഴ്സ് ബിൽഡേഴ്സ് എന്നിവർക്കും നന്ദി പറയുന്നു. ബാർക്ലേയ്സ് ബാങ്കിനും റോയൽ മെയിലിനും കൂടി അവരുടെ അമൂല്യമായ സംഭാവന കണക്കിലെടുത്ത് നന്ദി പറയേണ്ടതുണ്ട്.

**വാർഷിക കണക്കുകൾ**

2017ലെ ഓഡിറ്റ് ചെയ്ത കണക്കുകൾ റിപ്പോർട്ടിനൊപ്പം വച്ചിട്ടുണ്ട്.

**പ്രമേയങ്ങൾ**

അംഗങ്ങൾക്ക് എന്തെങ്കിലും പ്രമേയങ്ങൾ അവതരിപ്പിക്കാനുണ്ടെങ്കിൽ വാർഷിക ജനറൽബോഡി മീറ്റിംഗിന് (**ഒക്ടോബർ** 19 ശനിയാഴ്ച രാത്രി 8 മണി) 7 ദിവസം മുമ്പ് കമ്പനി സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. പ്രമേയങ്ങൾ MAUKയുടെ രണ്ട് അംഗങ്ങൾ നിർദ്ദേശിക്കുകയും പിന്താങ്ങുകയും വേണം. മീറ്റിംഗിൽ പ്രസ്തുത പ്രമേയം ചർച്ചയ്ക്ക് വരുമ്പോൾ മൂന്നംഗങ്ങളും ഹാജരായിരിക്കണമെന്നതും നിർബന്ധമാണ്.